കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ്

**തുടക്കത്തിൽ** പ്രവാചകന്റെ ബദ്ധവൈരിയായിരുന്ന, പിന്നീട് ഇസ്‌ലാമിന്റെ അനുയായിയായി ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഒട്ടേറെ നേട്ടങ്ങളുണ്ടാക്കിക്കൊടുത്ത സ്വഹാബി പ്രമുഖൻ അംറുബ്നിൽ ആസിന്റെ മകനാണ് കഥാപുരുഷൻ. അംറുബ്നിൽ ആസും കുടുംബവും ഇസ്‌ലാമിൽ വന്നതറിഞ്ഞ് സന്തോഷപുളകിതനായ നബി(സ) അവരുടെ കുടുംബത്തെ പ്രശംസിക്കുകയുണ്ടായി.

പിതാവിനേക്കാൾ അൽപം മുമ്പായി മകൻ അബ്ദുല്ല ഇസ്‌ലാം ആശ്ലേഷിച്ചു. സഹ്മീ വംശജയായ റാഇത്വഃയാണ് മാതാവ്. ചുവന്നു തുടിച്ച മുഖമുള്ള അതികായനായിരുന്നു അബ്ദുല്ല. സ്വരമാധുര്യത്താൽ അനുഗൃഹീതനായിരുന്നു. സദാ ഖുർആൻ പാരായണത്തിൽ മുഴുകുകയും ആഴ്ചയിലും കുറഞ്ഞ ദിവസങ്ങളിലായി ഖുർആൻ മുഴുവൻ പാരായണം(ഖത്തം) ചെയ്തു തീർക്കുകയും ചെയ്തിരുന്നതിനാൽ നബി(സ) പലതവണ ഇടപെട്ടു നിയന്ത്രണമേർപ്പെടുത്തേണ്ടതായി വന്നു. നോമ്പിന്റെയും അവസ്ഥ ഇതായിരുന്നു. നബി(സ) രണ്ട് തവണയായി അദ്ദേഹത്തെ ഉപദേശിച്ചു: “എല്ലാ നാളും നോമ്പനുഷ്ഠിക്കുന്നവർ തീരെ നോമ്പ് അനുഷ്ഠിക്കാത്തവരായി ഗണിക്കപ്പെടും.” “ഓരോ ദിവസം ഇടവിട്ടു വ്രതമനുഷ്ഠിച്ചോളൂ; അതാണ് ദാവൂദ് നബിയുടെ വ്രതം; അതാണ് മിതമായ വ്രതം.”

പണ്ഡിതനും തത്വജ്ഞാനിയും സാഹിത്യകാരനുമായിരുന്നു. പഠനത്തിൽ സ്ഥിരോത്സാഹിയായിരുന്നതിനാൽ നബിയിൽ നിന്ന് ആയിരം വചനങ്ങൾ താൻ ഹൃദിസ്ഥമാക്കിയതായി അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ട്. പഠിച്ചതത്രയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യും. നബി(സ)യിൽനിന്ന് കേൾക്കുന്നത് എഴുതിരേഖയാക്കി വെക്കാൻ നബി(സ) അദ്ദേഹത്തിന് അനുമതി നൽകുകയും ചെയ്തിരുന്നു. 700 ഹദീസുകൾ നബി(സ)യിൽ നിന്ന് രിവായത്ത് ചെയ്തിട്ടുണ്ട്.

അലി-മുആവിയാ തർക്കം മൂർഛിച്ച സമയം. പിതാവായ അംറ് താൻ അവരിരുവരിൽ ആരുടെ പക്ഷം ചേരണമെന്ന് മക്കളായ അബ്ദുല്ലയോടും മുഹമ്മദിനോടും കൂടിയാലോചിച്ചു. മുഹമ്മദ് പറഞ്ഞു: “മുആവിയയുടെ പക്ഷം ചേരുക. എന്നാൽ അങ്ങേക്ക് സൈനിക കമാണ്ടറാകാം; ഈജിപ്തിലെ ഗവർണറുമാകാം.” അലിയുടെ പക്ഷത്തിനാണ് അബ്ദുല്ല മുൻഗണന നൽകിയത്. അബ്ദുല്ല പറഞ്ഞു: “പിതാവേ! അലി മുത്തഖിയാണ്. ഇസ്‌ലാമിലും അല്ലാഹുവിന്റെ മാർഗത്തിലുമുള്ള സമരത്തിലും തഴക്കവും പാരമ്പര്യവും ഉള്ള ആളുമാണ്.” അംറ് ചിരിച്ചുകൊണ്ട് അവരോടിരുവരുമായി പറഞ്ഞു: “മകനേ അബ്ദുല്ലാ! നീ എന്റെ പരലോകമാണ്. മുഹമ്മദേ! നീ എന്റെ ഇഹലോകവും.”

രാഷ്ട്രീയ വടംവലികളിൽ നിന്ന് അകന്ന് നിൽക്കുന്ന പ്രകൃതമായിരുന്നു അബ്ദുല്ലക്ക്. മദീനയിലേക്ക് ഹിജ്റഃ ചെയ്ത ശേഷം നബിയോടൊപ്പം ചില യുദ്ധങ്ങളിൽ പങ്ക് കൊണ്ടിരുന്നു. മുസ്‌ലിംകൾ പരസ്പരം പോരാടുമ്പോൾ ഒരു പക്ഷവും ചേരാതെ വിട്ടുനിന്നു. ഭാര്യയുമായി കഴിഞ്ഞുകൂടേണ്ട രാത്രി സമയങ്ങളിൽ നമസ്കാരത്തിൽ കഴിച്ചു കൂട്ടുന്നതറിഞ്ഞ് നബി(സ) അബ്ദുല്ലയെ വിളിച്ച് ഉപദേശിച്ചു: “ഞാൻ വ്രതമെടുക്കുകയും ഉപേക്ഷിക്കുകയും ചെയ്യാറുണ്ട്. ഭാര്യമാരെ സമീപിക്കാറുണ്ട്. രാത്രി നേരങ്ങളിൽ നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യാറുണ്ട്. എന്റെ ചര്യ കൈവെടിയുന്നവർ എന്റെ കൂട്ടത്തിൽ പെടുകയില്ല.” ഇത് കേട്ട അബ്ദുല്ല ജീവിതരീതിയാകെ മാറ്റി.

ധനികനാവാൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. “പരലോക വിചാരണാ നാളിൽ പത്ത് ധനികരിൽ ഒരാളാകാനല്ല, പത്ത് ദരിദ്രരിൽ ഒരാളാവാനാണ് എനിക്കിഷ്ടം. പണക്കാരവിടെ ചെറുകിടക്കാരായിരിക്കും.” ഈ വാക്കുകളിൽ അദ്ദേഹത്തിന്റെ ജീവിത ലാളിത്യം തുടിക്കുന്നു. ദാനധർമം ചെയ്യുന്നതിൽ എപ്പോഴും മുൻപന്തിയിലായിരിക്കും. അനന്തരമായി കണ്ടമാനം സ്വർണം കിട്ടിയ ‘രാജകുമാര’നായിട്ടും അത് അദ്ദേഹത്തെ അസ്വസ്ഥപ്പെടുത്തുകയാണുണ്ടായത്.

മരണം ഹി. 65ലാണെന്നും 69ലാണെന്നും രണ്ടഭിപ്രായമുണ്ട്. മരണസ്ഥലം സിറിയയിലാണെന്നും ഈജിപ്തിലാണെന്നും മക്കയിലോ താഇഫിലോ ആണെന്നുമൊക്കെ വ്യത്യസ്ത പരാമർശങ്ങളുണ്ട്. പ്രായത്തെക്കുറിച്ചും ഉണ്ട് രണ്ടഭിപ്രായം, 72 ആണെന്നും 80 നോടടുത്താണെന്നും. ■

(അവസാനിച്ചു)